മേൽപ്പറഞ്ഞ വിഷയങ്ങളിൽ, ഇരുസംസ്ഥാനങ്ങളും കരാർ പുനരവലോകന ചർച്ചകളിൽ അവരവരുടെ അഭിപ്രായങ്ങൾ പ്രകടിപ്പിച്ചുവെങ്കിലും ചർച്ച ചെയ്ത വിഷയങ്ങളിൽ പരസ്പരധാരണയിലെത്തി യോജിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇക്കാര്യങ്ങളിൽ സംസ്ഥാനങ്ങൾ പരസ്പരധാരണയിലെത്തി ഇരുസംസ്ഥാനങ്ങളുടെയും താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്ന തരത്തിൽ യോജിച്ച തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുള്ള തുടർ പരിശ്രമങ്ങൾ ഉണ്ടാകണമെന്നുള്ളതാണ് കേരളത്തിന്റെ നിലപാട്. ഇതിനായി കൂടുതൽ ചർച്ചകളും ആവശ്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.എ.പി. കരാർ ഉൾപ്പെടെയുള്ള വിഷയങ്ങൾ ചർച്ച ചെയ്യാൻ ഇരുസംസ്ഥാനങ്ങളിലേയും വകപ്പുമന്ത്രിമാരുടേയും ഉന്നത ഉദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ 28-4-2013-ൽ ഒരു യോഗം ചേർന്നിരുന്നു. പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് കേരളം അംഗീകരിച്ചശേഷം തമിഴ്നാടിന് അയച്ചുകൊടുത്തുവെങ്കിലും, തമിഴ്നാട് പ്രസ്തുത മിനിറ്റ്സ് നാളിതുവരെ അംഗീകരിച്ചിട്ടില്ല.

റിവർ അതോറിറ്റിയുടെ രൂപീകരണം

89 (T 2908) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പല നദികളും തോടുകളും കുളങ്ങളും നാശോന്മുഖമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നദികളെയും തോടുകളെയും കുളങ്ങളെയും സംരക്ഷിക്കുന്നതിന് റിവർ അതോറിറ്റി നിലവിലുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇപ്രകാരം ഒരു അതോറിറ്റി സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ;

(ഡി) നദികളും തോടുകളും കുളങ്ങളും ഉപയോഗിക്കുന്ന സർക്കാർ/സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും ഇവയുടെ സംരക്ഷണത്തിന് എന്തെങ്കിലും തുക ഈടാക്കുന്നുണ്ടോ ;

(ഇ) ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി&സി) നദികളുടെയും കായലുകളുടെയും സംരക്ഷണം ലക്ഷ്യമിട്ട് 'കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട്-2003' ഭേദഗതി വരുത്തി 'സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള ഓർഡിനൻസ് 27-4-2011-ന് പുറപ്പെടുവിക്കുകയുണ്ടായി. കേരളത്തിലെ തണ്ണീർ തടങ്ങളുടെ പരിപാലനത്തിനായി പരിസ്ഥിതിയുടെ ചുമതലയുള്ള മന്ത്രി അദ്ധ്യക്ഷനായി 25-5-2015-ലെ സർക്കാർ ഉത്തരവ് നമ്പർ 08/2015/Envt. പ്രകാരം കേരള തണ്ണീർത്തട അതോറിറ്റി രൂപീകരിച്ചിട്ടുണ്ട്.

(ഡി&ഇ) കേരള ഇറിഗേഷൻ ആന്റ് വാട്ടർ കൺസർവേഷൻ ആക്ട് 2003 പ്രകാരം നദികളിൽ നിന്നും കുടിവെള്ള വിതരണത്തിനായി കേരള വാട്ടർ അതോറിറ്റി വെള്ളം എടുക്കുന്നതിന് ഒരു ഫീസും ഈടാക്കുന്നില്ല. എന്നാൽ 5HP യും അതിനുമുകളിലുള്ള പമ്പ് ഉപയോഗിച്ച് കൃഷിയേതര ആവശ്യങ്ങൾക്ക് സ്വകാര്യ വ്യക്തികൾ/സ്ഥാപനങ്ങൾ നദിയിൽ നിന്നും വെള്ളം എടുക്കുന്നതിന് സർക്കാർ നിശ്ചയിച്ച തുക ഈടാക്കുന്നുണ്ട്.

വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം

90 (2909) ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൻകിട പദ്ധതികൾ നിരീക്ഷിക്കാൻ ആക്ഷൻ ഓൺലൈൻ സംവിധാനം നിലവിൽവന്നിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുമുഖേന കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(സി) വികസന പദ്ധതികളിൽ വളരെവേഗം തീരുമാനം എടുക്കുവാനും പദ്ധതികളുടെ പുരോഗതി തൽസമയം അറിയുവാനും എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ;